"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - 45-ാമത് സംസ്ഥാന സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ കലാമേളയുടെ നടത്തിപ്പിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.2511/2024/LSGD    തീയതി,തിരുവനന്തപുരം, 20-12-2024

---

**ഉത്തരവ്**

2025 ജനുവരി 16 മുതൽ 18 വരെ തിരുവനന്തപുരം, നെയ്യാറ്റിൻകര, കുളത്തൂർ സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിൽ വെച്ച് നടക്കുന്ന 45-ാമത് സംസ്ഥാന സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ കലാമേളയുടെ നടത്തിപ്പിന് ഏകദേശം 30 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും ആയതിലേയ്ക്ക് തിരുവനന്തപുരം ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സംഭാവന അനുവദിക്കുന്നതിനുള്ള പ്രത്യേക അനുമതി ലഭ്യമാക്കണമെന്നുമുള്ള സംഘാടകസമിതിയുടെ അപേക്ഷ സർക്കാരിൽ ലഭ്യമായിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 45-ാമത് സംസ്ഥാന സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ കലാമേളയുടെ വിജയകരമായ നടത്തിപ്പിന് തിരുവനന്തപുരം ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും 5000/- രൂപ (അയ്യായിരം രൂപ മാത്രം) വീതവും മുനിസിപ്പാലിറ്റികളിൽ നിന്നും 8000/- രൂപ (എണ്ണായിരം രൂപ മാത്രം) വീതവും കുളത്തൂർ ഗ്രാമപഞ്ചായത്ത്, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി, പാറശ്ശാല ബ്ലോക്ക് പഞ്ചായത്ത് എന്നിവയിൽ നിന്നും 10000/- രൂപ (പതിനായിരം രൂപ മാത്രം) വീതവും തിരുവനന്തപുരം കോർപ്പറേഷൻ, ജില്ലാ പഞ്ചായത്ത് എന്നിവയിൽ നിന്നും 15000/- രൂപ (പതിനയ്യായിരം രൂപ മാത്രം) വീതവും അവരവരുടെ തനത് ഫണ്ടിൽ നിന്നും ഭരണസമിതി തീരുമാനത്തിന് വിധേയമായി സംഭാവന നൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഹർഷ വി എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.

എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.

ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 20-12-2024 15:10:51

സെക്ഷൻ ഓഫീസർ

പകർപ്പ് :-ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.